# ചെപ്പ്

ഗവ. വെൽഫെയർ ഹയർ സെക്കണ്ടറി സ്കൂൾ
ചെറുകുന്ന്

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2022-2025 ബാച്ച്

തയ്യാറാക്കിയ

# ഡിജിറ്റൽ മാഗസിൻ

# ആമുഖം

ഓരോ കാലഘട്ടങ്ങൾ അടയാളപ്പെടുത്തുന്നവയാണ് ഓരോ കൈയെഴുത്തു പ്രതികളും അത്തരം പേറ്റുനോവിലൂടെ പിറവി കൊണ്ട എഴുത്തുകളുടെ തിരനോട്ടമാണ് ഇതിന്റെ ഓരോ ഇതളുകളും. സത്യവും മിഥ്യയും ഇഴ ചേർന്നവ. ഇതിൽ ദുഃഖത്തിന്റെ താളമുണ്ട്. സന്തോഷത്തിന്റെ ഇലയനക്കങ്ങളുണ്ട്. ഓരോ തലമുറയും പകർന്നു നൽകിയ സംസ്കാരത്തനിമയുണ്ട്. കാലത്തിന്റെ നേർക്കാഴ്ചകളിൽ രസച്ചരടുകൾ തകരുന്നതിന്റെ, കണ്ണീർക്കണങ്ങൾ തിളച്ചുമറിയുന്നതിന്റെ സാക്ഷ്യമാണിത്. ഓരോ താളുകളും ജീവിതത്തിന്റെ മധുരവും കയ്പുനീരും ഒരുപോലെ നുകരുകയാണ്.. ഒരു നവ്യാനുഭവം. രസിക്കുക......നെഞ്ചിലേറ്റുക......




കൂടുതൽ കരുത്തോടെ മുന്നേറി കൊണ്ടിരി ക്കുന്ന പുതുതല മുറയുടെ ക്രിയാത്മക ശേഷിക്ക് ഊന്നൽ നൽകി കൊണ്ട് സ്ക്രൈബസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് 2022–25 ലിറ്റിൽ കൈറ്റ്സ് യൂനിറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിൻ 'ചെപ്പ്' വൈവിധ്യ മാർന്ന സൃഷ്ടികൾ ഉൾപ്പെടുന്നതാണ്. ഈ ഡിജിറ്റൽ മാഗസിന് സർവ്വവിധ ഭാവുകങ്ങളും നേരുന്നു.

ജ്യോതി കെ
HM

## ഉള്ളടക്കം


1. ആറളം വന്യജീവി സങ്കേതം ഒരു യാത്ര

2. പ്രകൃതിയുടെ രോദനം

3. സാങ്കേതിക വിദ്യയിൽ ഇന്ത്യയുടെ കുതിപ്പ്

4. ഒരു അവധിക്കാലം

5. വസന്തക്കാലം

6. Struggle

7. ഒരിക്കലും മറക്കാത്ത വസന്തക്കാലം

8.എന്റെ വസന്തക്കാലം

9. മൗനനിലാവ്

10. Geometrical Figures

11. കാടിറങ്ങുന്ന ജീവിതം

# ആറളം വന്യജീവിസങ്കേതം - ഒരു യാത്ര

6/1/2024 (ആദ്യ ദിവസം)

8:45ന് ഞങ്ങൾ യാത്ര തുടങ്ങി. ചെറുകുന്നിൽ നിന്ന് കണ്ണൂരേക്കും അവിടെ നിന്ന് തലശ്ശേരിയിലേക്കും അവിടെ നിന്ന് നീണ്ട യാത്ര ആറളം വന്യജീവി സങ്കേതത്തിലേക്കും. എന്റെ ജീവിതത്തിൽ ഇന്നേ വരെ ഞാൻ പങ്കെടുത്ത എല്ലാ ഉദ്ഘാടനപരിപാടിയും പറഞ്ഞ സമയത്തിലും വൈകിയാണ് തുടങ്ങിയത്; എന്നാൽ ഇവിടെ അത് മാറി പുതിയൊരനുഭവം ഉണ്ടായി. പറഞ്ഞതിലും നേരത്തെ ഉദ്ഘാടനച്ചടങ്ങ് നടന്നു. അതുപോലെ ആറളത്തേക്കുള്ള യാത്ര തുടങ്ങിയത് തലശ്ശേരിയിൽ വച്ചാണ്. ബസ് 12:15ന് യാത്ര തുടങ്ങും എന്ന് പറഞ്ഞു. രണ്ടു കുട്ടികൾ വരാനുണ്ട് എന്ന് പറഞ്ഞിട്ടും 12:17 വരെ കാത്തിരുന്നു. എന്നിട്ട് ബസ് എടുത്തു.അവിടെ എത്തിയപ്പോൾ ദേശാടനത്തിനായി എത്തിയ ആൽബട്രോസ് എന്ന ചിത്രശലഭങ്ങളെ കണ്ടു, അതും ഒരു കൂട്ടം, എണ്ണിയാൽ ഒടുങ്ങാത്തത്. ആറളത്ത് ഡിസംബർ,ജനുവരി, ഫെബ്രുവരി മാസം എത്തുന്നവയാണ്. ചീങ്കണിപ്പുഴക്കും ആറളം വന്യജീവി സങ്കേതത്തെയും മഞ്ഞപരവതാനി വിരിച്ചത് പോലുള്ള ഇവയുടെ കൂട്ടം കൂടുതൽ ആകർഷകമാക്കുന്നു. ഉദ്ഘാടന ചടങ്ങിനു ശേഷം ഞങ്ങൾക്ക് ഒരു കാർഡ് തന്നു. അതിൽ ഒരു ജീവിയുടെ പേരിന്റെ ഒന്നോ രണ്ടോ അക്ഷരങ്ങൾ ഉണ്ടാവും. അതും ചേർത്ത് വെച്ച് നമ്മുടെ സുഹൃത്തിനെ കണ്ടെത്തണം. എനിക്ക് കിട്ടിയത് അനാമിക എന്ന പെൺകുട്ടിയെ ആണ്.എല്ലാവരെയും അവർക്ക് കിട്ടിയ ജീവിയുടെ പേര് പറഞ്ഞു പരിചയപ്പെടുത്തണം. ഞങ്ങൾക്ക് കിട്ടിയത് മുയൽ എന്ന് സാധു ജീവിയെയാണ്. അതിന്റെ സവിശേഷതയും മുയൽ എന്ന പേരിനൊപ്പം ഞങ്ങളുടെ പേരും ചേർത്ത് വ്യത്യസ്തമായ രീതിയിൽ പരിചയപ്പെടുത്തണം. അതും ചീങ്കണ്ണിപ്പുഴയുടെ ഓരത്ത് ഇരുന്നുകൊണ്ട്. പശ്ചിമഘട്ടത്തിലെ മീൻമുട്ടി വെള്ളച്ചാട്ടം ആണ് അതിന്റെ ഉദ്ഭവസ്ഥാനം.കൂടാതെ വംശനാശഭീഷണി നീരിടുന്ന 'മിസ്സ് കേരള 'എന്ന മൽത്സ്യവും ഈ പുഴയിലുണ്ട്. സെക്കൻഡിൽ ലക്ഷക്കണക്കിന് ലിറ്റർ വെള്ളം വഹിച്ചു കൊണ്ടുവരുന്ന പുഴ, വെള്ളാരം കല്ല് പോലുള്ള തെളിഞ്ഞ ജലം. പുഴയിലെ വെള്ളം പാറകളിൽ തട്ടിത്തടന്ന് കളകളാരവം ഉണ്ടാക്കിക്കൊണ്ട് ഒഴുകുന്ന ശബ്ദം കേൾക്കാൻ നല്ല രസമാണ്. ഞാൻ ആ ശബ്ദം എന്റെ മനസ്സിന്റെ ഒരു ഭാഗത്ത് മാറ്റി വച്ചു. എപ്പോൾ വേണമെങ്കിലും എനിക്ക് ഓർത്തെടുക്കാൻ കഴിയുന്ന രീതിയിൽ.

കാരണം ആ ശബ്ദം എന്റെ മനസ്സിന് ഒരുപാട് സ്വാധീനിച്ചിരുന്നു. അതിനുശേഷം ഭക്ഷണം കഴിക്കുന്ന ഹാളിൽ പോയി, നല്ല കുത്തരി ചോറും, പച്ചക്കറി കറിയും, വറവും, അച്ചാറും, പപ്പടവും കൂട്ടി ഭക്ഷണം കഴിച്ചു. എന്നിട്ട് എല്ലാവർക്കും ഉറങ്ങാൻ അവസരം തന്നു. അടുത്തദിവസം രാവിലെ 5 മണിക്ക് എഴുന്നേൽക്കണം എന്ന് പറഞ്ഞിരുന്നു. പക്ഷെ സന്ധ്യക്കുള്ള ക്ലാസ്സിൽ അവിടത്തെ ചീഫ് വാർഡൻ പറഞ്ഞിരുന്നു ആന രാത്രി ഇറങ്ങുമെന്ന്. ഇത് കാണാൻ ഞാൻ ഉറങ്ങിയില്ല, എങ്കിലും ആന പോയിട്ട് ആനപ്പടപോലും കാണാൻ കഴിഞ്ഞില്ല.

7/1/2024 (രണ്ടാം ദിവസം)

അന്ന് രാവിലെ നല്ല ചൂട് കട്ടൻകാപ്പി കുടിക്കാൻ പോയി. അതിനിടെ തേളിനെ കണ്ടു. എന്നിട്ട് കാപ്പി കുടിച്ചു നേരെ കാട്ടിൽ പക്ഷികളെ കാണുന്നതിനും അവയുടെ മധുരഗാനം കേൾക്കുന്നതിനുമായി പോയി. കാട്ടിൽ കുറച്ചു ദൂരം നടന്നു, ഒരു ഒഴിഞ്ഞ സ്ഥലത്ത് ഇരുന്നു, ഒരുപാട് പക്ഷികളുടെ മധുരഗാനം കേൾക്കാനായി എങ്കിലും എനിക്ക് തിരിച്ചറിയാൻ സാധിച്ചത് കാട്ടുമുഴക്കി എന്ന പക്ഷിയുടെയും, കാക്കയുടെയും, കുട്ടു എന്ന പക്ഷിയുടെയും ശബ്ദമാണ്. അതിൽ എനിക്ക് ഏറ്റവും കൂടുതൽ ഇഷ്ടമായത് കാട്ടുമുഴക്കി എന്ന പക്ഷിയുടേതാണ്. കാട്ടിൽ ഒരു കുട്ടിയാന ഇറങ്ങി നടക്കുന്നതുകൊണ്ട് കാട്ടിൽ അധിക ദൂരം നടക്കാനായില്ല.എന്നിട്ട് തിരിച്ചുവന്ന് ചായ കുടിക്കാൻ പോയി. ചായ കുടിച്ചതിനുശേഷം കാട്ടിലേക്ക് കാൽനട യാത്ര പോയി. രണ്ട് കിലോമീറ്റർ നടന്നപ്പോൾ ഞങ്ങൾ ഒരു പുഴ കണ്ടു. അതിനുശേഷം അതിനോരത്ത് മലർന്നു കിടന്ന് കണ്ണടച്ചപ്പോൾ എന്റെ ഉള്ളിലെ ആത്മാവ് പുറത്തുവന്ന് അവിടെ മൊത്തം മനസ്സിന്റെ സഹായത്തോടെ നിരീക്ഷിക്കുകയാണ്. എന്നിട്ട് തിരിച്ചു നടന്നു. ജീവിതത്തിൽ ഇതുവരെ കാണാത്ത ചിത്രശലഭങ്ങളെ കാണാൻ പറ്റി. യാത്രയിലുടനീളം ഞങ്ങൾ കാട്ടിൽ ആയിരുന്നു. രവിമാഷ് ചോദിച്ചു കാട് എന്താണെന്ന്. ഞാൻ ഒറ്റവാക്കിൽ പറഞ്ഞു "ജീവനാണ് കാട്"ഇത് ഞാൻ പെട്ടെന്ന് തോന്നി പറഞ്ഞതല്ല ,ഒരുപാട് നാൾ കാട് സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ കിട്ടിയ ഉത്തരമാണ് അത്, എന്നാൽ അവിടെ ആറളം വന്യജീവി സങ്കേതത്തിൽ രണ്ടാമത്തെ ദിവസമായപ്പോൾ "ജീവനാണ് കാട് "എന്ന് എന്റെ നിഗമനം ശരിയാണ് എന്ന് ഞാൻ ഉറപ്പിച്ചു.എന്നിട്ട് തിരിച്ച് ഹാളിൽ വന്ന് കുറച്ച് ക്ലാസ് കേട്ടു. ചീങ്കണ്ണി പുഴയിൽ കുളിക്കാൻ പോയി. അവിടുത്തെ ഒഴുക്കിൽ നീന്തുമ്പോൾ വെള്ളാരം കല്ല് പോലുള്ള വെള്ളം എന്റെ മനസ്സിനെയാണ് സ്പർശിച്ചത്. തിരിച്ചുവന്നു, ചെറിയ തലവേദന ഉണ്ടായിരുന്നതുകൊണ്ട് ഞാൻ ചായ കുടിക്കാൻ പോയില്ല. എല്ലാവരും തിരിച്ചു വന്നപ്പോൾ പുറത്തുപോയി ഒരുപാട് രസകരമായ പ്രകൃതിപാഠങ്ങൾ പഠിപ്പിച്ചു തരുന്ന ഗെയിമുകൾ കളിച്ചു. അതിൽ നിന്നും ഓരോ ജീവിക്കും ഓരോ ധർമ്മവും ഒക്കെ ഉണ്ട് എന്ന് മനസ്സിലായി. അതിനു ശേഷം രവി മാഷും കുറെ കാര്യങ്ങൾ പഠിപ്പിച്ചു തന്നു. എന്നിട്ട് ഭക്ഷണം കഴിക്കാൻ പോയി കഞ്ഞി കുടിച്ചു തിരിച്ചു വന്നു. അതിനുശേഷം ഹാളിലേക്ക് വന്നു, അവിടെ പല കുട്ടികളുടെ പല കലാപരിപാടികൾ ഉണ്ടായിരുന്നു. 10:15 ആയപ്പോൾ ഞങ്ങളെ ഉറങ്ങാൻ അനുവദിച്ചു. അടുത്ത ദിവസം അഞ്ചുമണിക്ക് പക്ഷികളെയും, ചിത്രശലഭങ്ങളെയും നിരീക്ഷിക്കാൻ പോകണമെന്ന് പറഞ്ഞിരുന്നു. പക്ഷെ അന്നും ഞാൻ ഉറങ്ങിയിരുന്നില്ല പക്ഷെ ഒരു കാര്യവുമില്ല.

8/1/2024 (അവസാന ദിവസം)

അന്ന് ശ്വേതാ എന്ന പെൺകുട്ടിയുടെ പിറന്നാളായിരുന്നു. അവളെ ബർത്ത്ഡേ വിഷ് ചെയ്തു.

എന്നിട്ട് നേരെ മോണിംഗ് വാക്കിനു പോയി ഒരുപാട് പക്ഷികളെ കാണാനും അവയുടെ മധുര സംഗീതം കേൾക്കാനും ഇടയായി. ഒരുപാട് ചിത്രശലഭങ്ങളെ കാണാൻ സാധിച്ചു. എന്നിട്ട് തിരിച്ചുവന്നു ചായകുടിച്ച് ഗ്രൂപ്പ് ഫോട്ടോ എടുത്തു. പിന്നെ ഉച്ചഭക്ഷണം കഴിച്ച് ബാഗൊക്കെ എടുത്ത് വച്ചപ്പോഴേക്കും തിരിച്ചു പോകാനുള്ള ബസ്സ് വന്നു. എല്ലാവരോടും യാത്ര പറഞ്ഞ് ബസ്സിൽ കയറി.

അനുഭവം

ഈ ആറളം വന്യജീവി സങ്കേതത്തിലെ യാത്ര എന്റെ മനസ്സിന്റെ അടിത്തറ വരെ മാറ്റിത്തന്നു. എനിക്ക് പുതിയ പുതിയ ശീലങ്ങൾ കിട്ടി. അതിൽ കുറച്ച് എണ്ണമാണ് 'ഇനി ഞാൻ പ്ലാസ്റ്റിക് വലിച്ചെറിയില്ല, ഒരു ജീവജാലങ്ങളെയും ഉപദ്രവിക്കില്ല, ഭക്ഷണം ആവശ്യത്തിനുമാത്രം വാങ്ങിച്ചു മുഴുവനായും തിന്നും, കൂടാതെ പ്രകൃതിയെയും കാടിനെയും സ്നേഹിച്ച് ജീവിക്കും'. ഇവിടെ നിന്ന് കാട് എന്താണെന്ന് അറിയാൻ സാധിച്ചു. പുതിയ പുതിയ കൂട്ടുകാരെ കിട്ടി ഇനി അവരെ എവിടെയെങ്കിലും വച്ചു കണ്ടുമുട്ടണം എന്ന് ആഗ്രഹിക്കുന്നു.ഇവിടെനിന്ന് ഒരുവറ്റ് പോലും കളയാൻ സമ്മതിക്കില്ല. ഞങ്ങൾക്ക് വേണ്ടുന്നത് മാത്രം വാങ്ങിച്ച് ഭക്ഷണം പാഴാക്കാതെ കഴിക്കുക. പാഴാക്കാൻ ശ്രമിച്ചാൽ ശിക്ഷ അവിടുത്തെ ഷെഫിന്റെ കയ്യിലെ വടി തരും. ഇനിയും ഒരുപാട് ദിവസം ഞങ്ങൾ എല്ലാവരും ഒരുമിച്ച് ഒത്തൊരുമയോടെ കഴിയാൻ സാധിച്ചുവെങ്കിൽ എന്ന് ആഗ്രഹിക്കുന്നു.എനിക്ക് ഈ അവസരം ഒരുക്കി തന്ന എന്റെ ആദർശ ടീച്ചർക്കും, ഹരിതസേനയ്ക്കും, ആറളം വന്യജീവി സങ്കേതത്തിനും ഈ യാത്രയിലുടനീളം ഞങ്ങളെ സഹായിച്ചു സഹകരിച്ച എല്ലാവർക്കും എൻറെ ഹൃദയത്തിൻറെ ഭാഷയിൽ നന്ദി പറയുന്നു.

നന്ദി...........

## പ്രകൃതിയുടെ രോദനം

പ്രകൃതിയെ സ്നേഹിക്കൂ
നിങ്ങൾക്ക് അതിനും കഴിയില്ലെങ്കിൽ
ദ്രോഹിക്കാതിരിക്കൂ മനുഷ്യാ...
ഈ പ്രകൃതിയാം അമ്മയെ
വരും തലമുറയ്ക്കിനിവിടെ
ജീവിക്കാനനുമതി നൽകൂ...
ഭവനമാം സുന്ദര ലോകത്ത് പുതുമയേകാൻ
പ്ലാസ്റ്റിക് മാലിന്യം, മറ്റുള്ളവ
നമ്മുടെ ജീവനെ കാത്തു സംരക്ഷിക്കും
ജലാശയങ്ങളിൽ ഒഴുക്കി വിടല്ലേ...
എന്തിനീ പ്രകൃതിയെ ദ്രോഹിക്കുന്നു നാം
പ്രളയവും ഭൂമികുലുക്കം സുനാമിയുമെല്ലാം
വീണ്ടും മനുഷ്യരാം നമ്മളെ തേടി വരും
ഇത്തരം ദുരന്തങ്ങൾ
നിങ്ങളെ പിന്തുടരുന്നുണ്ടെന്നോർക്കും എല്ലാവരും
നമ്മളെ നാം തന്നെ
സ്നേഹിക്കും പോലെ
നമ്മുടെ പ്രകൃതിയെയും നമ്മൾ സ്നേഹിക്കുക
സംരക്ഷിക്കുക എല്ലാം
നമ്മുടെ കടമയാണ്
മരങ്ങൾ ചെടികളും നട്ടുവളർത്തുക
ഒരുതൈക്കു പകരം
രണ്ടെണ്ണമെങ്കിലും നട്ടു നനയ്ക്കുക നാം
നമ്മുടെ പ്രകൃതിയെ കൈ കോർത്തു പിടിച്ചു കൊണ്ടു
ല്ലാസഭരിതരായ് ജീവിക്കൂ
നാം എല്ലാരും

– ദേവിക. വി



## സാങ്കേതിക വിദ്യയിൽ ഇന്ത്യയുടെ കതിപ്പ്

സാങ്കേതിക വിദ്യയിൽ ഇന്ന് നമ്മുടെ രാജ്യം ഏറെ ഉയരങ്ങളിലെത്തിയിരിക്കുകയാണ്. ഇന്ന് പല പല കണ്ടുപിടിത്തങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. മനുഷ്യർ തന്നെ മറ്റൊരു മനുഷ്യനെ കൃത്രിമമായി നിർമ്മിക്കുന്നകാലം!

കുറച്ച് നാളുകൾക്ക് മുമ്പാണല്ലോ ഒരു പന്നിയുടെ ഹൃദയം മനുഷ്യനിൽ വച്ച് പരീക്ഷിച്ചു നോക്കിയത്. മരണത്തിന്റെ വക്കിൽ എത്തപ്പെടുന്ന മനുഷ്യന്റെ ഹൃദയം മാറ്റി പന്നിയുടെ ഹൃദയം വച്ചത്. ഇങ്ങനെ സാങ്കേതിക വിദ്യ ഏറെ പുരോഗമിക്കുകയാണ്.



അതുപോലെ കൃത്രിമമായി ഒരു പന്നിയെ വളർത്തിയെടുക്കുന്നു. വിവാഹശേഷം കുഞ്ഞുങ്ങൾ ഉണ്ടാവാത്തവർ ആശുപത്രിയിൽ നിന്നും കൃത്രിമമായി കുഞ്ഞിനെ അമ്മയുടെ ഗർഭപാത്രത്തിൽ തന്നെ ഉണ്ടാക്കുന്നു. മനുഷ്യർ തന്നെ ഒരു മനുഷ്യന് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ അവർ വിളിക്കുമ്പോൾ എത്തുന്ന, അവർക്ക് ആവശ്യമുള്ള കാര്യങ്ങൾ ചെയ്തു തരുന്ന റോബോട്ടുകളെ നിർമ്മിക്കുന്നു. ഇന്ന് ഹോട്ടലുകളിൽ ചെന്നാൽ റോബോട്ടുകൾ ആണ് ഫുഡ് കൊണ്ടുവരുന്നത്. ഇതിനൊക്കെ ഉപരി ഇന്ന് ഏറെ പ്രശസ്തമായ കാര്യം മറ്റൊന്നാണ്. ഇന്ന് റോഡപകടങ്ങൾ കുറഞ്ഞു വരികയാണ്.ആർട്ടിഫിഷൻ ഇന്റലിജൻസ് നിർമിച്ച ക്യാമറകൾ ഇന്ന് റോഡരികിലെല്ലാം വെച്ചിരിക്കുകയാണ് അതുപോലെ ഹെൽമെറ്റ് കർശനമാക്കിയിരിക്കുന്നു. ഒരു ബൈക്ക് അല്ലെങ്കിൽ സ്കൂട്ടിയിൽ രണ്ടുപേർക്കു മാത്രമേ സഞ്ചാരസ്വാതന്ത്ര്യമനുവദിക്കുള്ളു. ഇത് പാലിക്കാത്തവരെ AI ക്യാമറ പിടിക്കുകയും പിഴയീടാക്കുകയും ചെയ്യുന്നു. അതിനാൽ അധികമാൾക്കാരും എല്ലാം കൃത്യമായി പാലിക്കുന്നു.

എന്നാൽ ഇതിനൊക്കെ ചില ദൂഷ്യഫലങ്ങളും കാണപ്പെടുന്നുണ്ട്. എല്ലാ ജോലികളും റോബോട്ടുകളെ ഏൽപ്പിക്കുകയാണ്. ഇതുമൂലം ഒരു ജോലിയും ചെയ്യാതെ മനുഷ്യർ മടിയന്മാരും അലസന്മാരും ആയി മാറുകയാണ്. മനുഷ്യർ തന്നെ അവരവരെ സ്വയം മടിയന്മാരാക്കുകയാണ്.

ഇതിനെ ദൂഷ്യഫലങ്ങൾ മാത്രമല്ല ഗുണങ്ങളും ഏറെയുണ്ട്. സാങ്കേതികവിദ്യ ചില കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കുകയാണ്. ചിലവും കുറക്കുകയാണ്. ഉദാഹരണത്തിന് പണ്ട് തപാൽ വഴി ഉപയോഗിച്ചാണ് കത്ത് അയക്കുന്നത്. അത് ഒരു രണ്ടു മൂന്നു ദിവസത്തിനു ശേഷം മാത്രമേ കത്ത് എത്തേണ്ടളെട്ടു ത്ത് എത്തുകയുള്ളൂ. എന്നാൽ ഇന്ന് ഫോണിന്റെ കണ്ടുപിടുത്തത്തിലൂടെ നിമിഷം നേരം കൊണ്ട് ഒരാൾ അയച്ച സന്ദേശം ആ നിമിഷം തന്നെ ലഭിക്കുന്നു. അതുപോലെ തന്നെ വാഹനങ്ങളുടെ കണ്ടുപിടുത്തവും. ഇങ്ങനെ സാങ്കേതികവിദ്യയുടെ കാര്യത്തിന് ഇന്ത്യ ഏറെ ഉയരങ്ങളിൽ എത്തിയിരിക്കുകയാണ്. കുട്ടികളുടെ ഇടയിൽ ഈ ബോധം വളർത്തുന്നതിനായി അവരുടെ കുഞ്ഞു മനസ്സിനുള്ളിലുള്ള ആശയങ്ങൾ മറ്റുള്ളവരുമായി പങ്കിടുന്നതിന് YIP, Little kites എന്നീ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഈയിടെ ഒരു ചെറിയ കുട്ടി സ്വയം ഒരു പ്രോഗ്രാമിംഗ് തയ്യാറാക്കി വിൽപ്പനയിക്കു വച്ചു ഇപ്പോൾ സ്വയമായ ഒരു കമ്പനി അവന് ഉണ്ടാക്കാൻ സാധിച്ചു. ഇങ്ങനെ നമ്മുടെ ഇന്ത്യയിൽ സാങ്കേതിക വിദ്യയിൽ ഏറെ ഉയരങ്ങളിലെത്തിയിരിക്കുകയാണ്.

# ഒരു അവധിക്കാലം

ഞാൻ ആദിഷ് 9A പഠിക്കുന്നു. എന്റെത് ചെറിയ ഫാമിലിയാണ്. അച്ഛനും അമ്മയും,അനിയനും അടങ്ങുന്നതാണ് എന്റെ വീട്.അവധിക്കാല ഓർമ്മകൾ എന്നതിൽ ഞാൻ ഓർക്കുന്നത് എന്റെ കൂട്ടുകാരെയാണ് കൂടാതെ എന്റെ വീടും. എന്റെ അച്ഛൻ ഒരു കർഷകനാണ്. അതുകൊണ്ടുതന്നെ എന്റെ വീടും ഒരു കർഷക കുടുംബമാണ്. നമ്മുടെ ഈ അവധിക്കാലത്താണ്ഉഴുന്നിന്റെ കൃഷി നടക്കുന്നത്. കൂടാതെ നെല്ല് ഉണങ്ങുന്നതും നെല്ല് പുഴുങ്ങുന്നതും ഈ രണ്ടു മാസങ്ങളിൽ ആണ്.

ആദ്യത്തെ ഒരു ദിവസം നമ്മൾ കളിച്ചു നടന്നു പക്ഷേ റിസൾട്ട് അറിഞ്ഞത് മുതൽ ഞാൻ ട്യൂഷന് പോകാറുണ്ട്. എനിക്ക് ഇഷ്ടമല്ല ആ സമയങ്ങളിൽ കൂട്ടുകാർ കളിക്കുന്നുണ്ടാവും അതുകൊണ്ടാണ്. എന്റെ ഒരു ദിവസം ആരംഭിക്കുന്നത് ഇങ്ങനെയാണ്. എന്റെ അച്ഛന് ഒരുപാട് പണിയുണ്ട് അതുകൊണ്ടുതന്നെ അച്ഛനെ സഹായിക്കാൻ ഞാൻ അടുത്ത വീട്ടിൽ നിന്ന് പശുവിന്റെ വെള്ളം എടുത്തുകൊണ്ടുവരും. അപ്പോഴേക്കും എന്റെ കൂട്ടുകാർ വരും. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട കാര്യം രാവിലത്തെ പ്രഭാത ഭക്ഷണം എല്ലാ കൂട്ടുകാരും അവരുടെ വീട്ടിൽ നിന്ന് എടുത്തു കൊണ്ടുവരും. വീട്ടിന്റെ മുറ്റത്ത് വലിയ വയലാണ് . നമ്മളെല്ലാവരും ഒത്തുകൂടി ഭക്ഷണം കഴിക്കും. എല്ലാവരുടെയും ഭക്ഷണം നമ്മൾ വീതം വയ്ക്കും. ഇത് കാണുമ്പോൾ എന്റെ അമ്മ പറയും ഇതുപോലെയുള്ള അവസരം നമുക്ക് ഉണ്ടായില്ലല്ലോ എന്ന്. എന്റെ അമ്മ അപ്പോഴേക്കും നെല്ല് പുഴുങ്ങി വയ്ക്കും അത് ഞാൻ അപ്പുറത്തെ അമ്മൂമ്മയുടെ വീട്ടിൽ കൊണ്ടുപോകണം . എന്നിട്ട് വന്നാൽ കാൽപന്ത് കളിക്കും. ഒരുപാട് സമയം കളിക്കും . ഉച്ചയ്ക്ക് ഭക്ഷണവും നേരത്തെ പറഞ്ഞതുപോലെ എല്ലാവരും ഒത്തുചേർന്ന് കഴിക്കും. ഞാനാണ് പശുവിനെ അഴിച്ചു കെട്ടാറ്. അതിനെ വയലിൽ കൊണ്ടു പോയി കെട്ടണം. ഞാൻ ബാലസംഘത്തിന് പോകാറുണ്ട്  അവിടെ ഞാനാണ് സെക്രട്ടറി അതുകൊണ്ടുതന്നെ അതിനു പോകാൻ എനിക്ക് വളരെ ഇഷ്ടമാണ്. ഇപ്രാവശ്യത്തെ വിഷുവിന് എനിക്ക് അച്ഛൻ ഒരുപാട് പടക്കങ്ങൾ വാങ്ങിത്തന്നു. അത് നമ്മൾ കൂട്ടുകാരുമൊത്ത് വയലിൽ നിന്ന് പൊട്ടിച്ചു. എല്ലാവരും കാണാൻ വരും. നമ്മൾ തെയ്യം കെട്ടാറുണ്ട്. ചുറ്റുമുള്ള വീട്ടുകാരുടെ വഴക്ക് ഒരു പാട് കിട്ടിട്ടുണ്ട്. ചെണ്ട കൊട്ടി അവരുടെ ചെവിക്ക് സ്വൈര്യം കൊടുത്തിട്ടില്ല. നമ്മൾ കളിക്കുന്ന സ്ഥലത്ത് ഒരു അച്ഛനുണ്ട് അയാളുടെ സ്ഥലത്ത് നമ്മൾ കളിക്കുമ്പോൾ ഇരിക്കുന്നത് അയാൾക്ക് ഇഷ്ടമല്ല. അയാൾ നമ്മളെ ഓടിക്കും.  ഈ പ്രാവശ്യത്തെ വിഷുവിന് എന്റെ അമ്മയും വലിയമ്മയും ഉണ്ടായിരുന്നു. പിന്നെ നമുക്ക് ഏഴു ദിവസം ഉത്സവമായിരുന്നു. നമ്മൾ അതു കാണാൻ പോകാറുണ്ട്. എന്റെ അനുജനും ഞാനും കറങ്ങുന്നതിൽ കയറിരുന്നു. ഒരു നല്ല സന്തോഷമാണ് അവിടെ പോയാൽ നമ്മൾ എവിടെയും ടൂറിന് പോയിരുന്നില്ല എന്റെ മൈസൂരും ഊട്ടിയും എല്ലാം എന്റെ നാടും എന്റെ കൂട്ടുകാരുമാണ്. പിന്നെ നമ്മൾ മാങ്ങ പറിക്കാൻ പോകാറുണ്ട് . മാങ്ങ ഉപ്പും മുളകും കൂട്ടി തിന്നാൻ നല്ല രസമാണ്.രാവിലെ സൈക്കിൾ സവാരിക്ക് പോകും. എന്നിട്ട് 8,9 മണിയാകുമ്പോൾ വരും. അമ്മയുടെ വഴക്ക് കിട്ടും. പിന്നെ നമ്മൾ കിണർ വൃത്തിയാക്കാൻ പോകാറുണ്ട്. അവർ പൈസ തരും ആ പൈസക്ക് പൊറോട്ടയും ചിക്കൻ കറിയും വാങ്ങി കഴിക്കും. നല്ല രസമാണ് ഇപ്പോൾ അത് ഓർക്കാൻ. ഒരുപാട് തെയ്യം കാണാൻ പോകാറുണ്ട് . അവരുടെ  ചായങ്ങളും സമയങ്ങളും നോക്കി നിന്നു വീട്ടിൽ നിന്ന് പിള്ളേരെ കെട്ടിക്കും....... അങ്ങനെയാണ് രണ്ടുമാസം പോയത് അറിഞ്ഞില്ല വെയിലും ചൂടും അറിയാതെ നമ്മൾ കളിച്ചു രസിച്ചു. തുറക്കുന്നതിന്റെ അടുത്ത ദിവസം ഞാൻ ഓർക്കും ഇനിയും രണ്ടുമാസം കിട്ടിയിരുന്നെങ്കിൽ എന്ന്. കളിച്ചു തീർന്നില്ല നമുക്ക്. എന്നെ സംബന്ധിച്ച് വേനലാവധി ഒരു വലിയ ആശ്വാസമാണ് . േഅതുകൊണ്ട് എല്ലാവരും അത് അവിസ്മരണീയമാക്കാൻ ശ്രമിക്കുക.

# വസന്തകാലം

ഇതാ പൂക്കളേ ... നിൻ വസന്തകാലം
ഇതാ... നമ്മുടെ പൂക്കൾ വിരിഞ്ഞിടുന്നേ...
നിങ്ങളിൽ സന്തോഷത്തിലായിടാനും
ഞങ്ങളിൽ മനസ്സിലിരിപ്പുണ്ട് എൻ പൂക്കളേ ...
നിൻ ബാല്യ കാലത്തു നിന്നും
വാർദ്ധാക്യം ഉണ്ടാകുന്നത് വരെ എന്നും
എനിക്ക് നിങ്ങളെൻ ലോകത്ത് ജീവിക്കണമെന്നുണ്ട് എൻ പൂക്കളേ ...
നിങ്ങളിൽ വസന്തത്തോടർഥിക്കുന്നത്
വെറുതെ ആവില്ല എൻ പൂക്കളേ ...
വസന്തകാലം എന്നും നിന്നിൽ
ഉണർന്നിരിപ്പുണ്ടാകും എന്നു ഞാൻ വിചാരിക്കുന്നു എൻ പൂക്കളേ ...
നിങ്ങൾ തൻ സ്വർലോകം
താൻ വസന്തതോടർഥിച്ചത് വെറുതെ
ആവില്ല എൻ പൂക്കളേ ...
എൻ പൂക്കളേ നിങ്ങളെന്തു ഭംഗി
എനിക്കും നിങ്ങളെൻ ഭംഗി
ഉണ്ടാവാൻ എന്ത് സ്വകാര്യമുണ്ട്...
കാണാൻ എനിക്കും നിങ്ങളെൻ
ദ്രൂപത്തിലാവണം എന്നുള്ള ആഗ്രഹം എന്നിലുണ്ട്
എൻ പൂക്കളേ ... നിങ്ങളീ സ്വർലോകത്ത് സന്തോഷമായി തീർന്നിട്ടു...
ഞാൻ പിന്നെയും നിങ്ങളിടത്ത്
വരാൻ കഴിയുമോ എന്ന് നോക്കാം
എൻ പൂക്കളേ ...




P r i y a j a J u j u

ഒരിക്കലും മറക്കാത്ത വസന്തകാലം

കിളികൾ ചിരിക്കുന്ന പൂക്കൾ വിടരുന്ന മധുരമൂറുന്ന ഒരു വസന്തകാലം. വണ്ടുകൾക്ക് തേനൂറുന്ന ഒരു സുന്ദരകാലം. നാളുകൾക്ക് ശേഷം ഉണ്ടാകുന്ന നമ്മെ തഴുകുന്ന സുന്ദരമായ ജീവിതകാലം പ്രകൃതി ആസ്വദിക്കുന്ന പ്രകൃതിയെ ആസ്വദിക്കുന്ന ചെറു ചെറു നിമിഷങ്ങളായി വസന്തകാലം വസന്തകാലം വരവായി ഉല്ലസിച്ച് ഇടാവുന്ന ഒരു നല്ല കാലം പൂക്കൾ തൻ തേനൂറും ഭംഗി ആസ്വദിക്കുവാൻ കാറ്റിൽ കൈകൾ തഴുകിടുന്നു എന്തൊരു മധുരമാണ് ഇളം കാറ്റുകൾക്ക് വസന്തകാലം വരവായി ഉല്ലസിച്ച് ഇടാവുന്ന ഒരു നല്ല കാലം കാടുകൾ താണ്ടി പുഴകൾ താണ്ടി മലകളും മരങ്ങളും താണ്ടി എത്തുന്നിതാ നല്ലകാലം നമുക്കെല്ലാം ജീവിതമാക്കാവുന്ന നല്ല കാലം ജീവിതത്തിലെ ദുഃഖങ്ങൾ സഹിക്കും പോലെ പ്രകൃതി ഏറെ ദുഃഖം താണ്ടി ഉല്ലസിച്ചീടുന്നു മലയാളികൾ തൻ ഉത്സവമായ ഓണത്തിനായി വരവേൽക്കാൻ നമുക്ക് ഈ വസന്തത്തെ പൂക്കളം ഒരുക്കുമ്പോൾ പൂക്കൾ തൻഗന്ധം നമുക്ക് ആസ്വദിച്ചിടാം പണ്ടൊരിക്കൽ ആർപ്പുവിളികളുമായി കുട്ടികൾക്കൊപ്പം പൂക്കൾ പറിക്കാൻ പോകുന്ന ഒരു കാലം ഇരുട്ടിൻ മറവ് നീക്കി പ്രകാശം പരത്തുന്ന നന്മയായി വസന്തകാലം വസന്തകാലം വരവായി ആസ്വദിച്ചിടാവുന്നൊരു കാലം എങ്ങോ മറയുന്ന സൂര്യനെ പോലെ കത്തിയരിയുന്ന തീ ജ്വാലം



പോലെ വസന്തകാലം പെട്ടെന്ന് മറയുന്നു നാളേക്ക് വിടരുന്ന പൂക്കൾ പോലെ വസന്തത്തിനായി കാത്ത് ഒരു പാട് ജീവിതം പ്രകൃതിതൻ ജീവജാലങ്ങൾക്ക് ഇരുവേനായി വെളിച്ച മേഘനായി കാത്തിരുന്നൊരു സ്നേഹകാലം പ്രകൃതിക്ക് ദേവൻറെ അനുഗ്രഹമായി കിട്ടുന്ന മനോഹരമായ കാലം പ്രകൃതിതൻ ഈശ്വരൻ



അനുഗ്രഹമാം കാലം വസന്തത്തെ തട്ടി തലോടുമീ കാറ്റിഴകളിൽ എന്നുമുണ്ടൊരു സ്നേഹ ഗീതം മാവുകൾ പൂക്കുമ്പോൾ മനുഷ്യ നീചത്വങ്ങളെ സഹിക്കുമേ പ്രകൃതിയെന്ന അമ്മയെ നാം ആരും തിരിച്ചറിയുന്നില്ല ആസ്വദിക്കാൻ വരവേൽക്കാം ഉല്ലസിക്കാം വസന്തകാലം എന്നും ഓർമ്മകളിൽ നിൽക്കുന്ന ഒരു വസന്തകാലം ജീവിതമാം ഓർമപോൽ രാത്രിയിൽ ശോഭിക്കുന്ന ചന്ദ്രനെ പോൽ പകൽ വെളിച്ചമേഘം സൂര്യനെ പോൽ പുളിമഴകും മഴയെ പോലെ തഴുകുന്ന കാറ്റിൽ കൈകൾ പോലെ ജീവിതമാം പാഠമായി വസന്തകാലം ആസ്വദിക്കാം ഈ ജീവിതമാം കാലത്തെ ആസ്വദിച്ചിടാം ഉല്ലസിറ്റിക്കാം ആർപ്പുവിളിക്കളുമായി വസന്തകാലം.................



കവിത കെ വി
അധ്യാപിക

# എന്റെ വസന്തകാലം


വസന്തകാലം വരവായി
കാട്ടും മലയും പുഴയും താണ്ടി
ലോകത്തെങ്ങും സന്തോഷം പരത്താൻ
ലോകത്തിനൈശ്വര്യം വിടർത്താൻ
റോസും മുല്ലേം മന്ദാരോം
തെച്ചീം പൂങ്കുലയാട്ടുന്നു
മലയാള മധുരിമ പാടിയുണർത്താൻ
മാരുത ചാരുത ചൊല്ലിക്കേൾപ്പാൻ
തേന്തൂറ്റും കേരള മധുരിമ ചൊരിയാൻ
വസന്തകാലം വരവായി
പാട്ടും കുയിലിൻ ഗന്ധർവഗാനം
മധു നുകരാനായി വീണ്ടും ചെന്നു
വർണച്ചിറകുകൾ വീശിപ്പാറും
ഷഡ്പദമാലകളായിരമായിരം
കേരള മഹിമ പാടിയുണർത്താൻ
വസന്തകാലം വരവായി

വിശ്വവിലോകസമ്പത്താകും
വസന്തകാലം എങ്ങുപോയി
കളിയും ചിരിയും കൊണ്ടേപോയ്
കഥയും കവിതേം എങ്ങോപോയ്
പൂക്കളില്ലാതെ പുളകം കൊരിയും
ചെണ്ടേം മേളോം എങ്ങോപോയ്
പൂക്കളിൽ സുന്ദരി താമരയും
കാലത്തിനൊത്തേ എങ്ങോപോയ്
പൂജയ്ക്കായാലും പൂമാലയ്ക്കായാലും
പൂമാരി തന്നെ വേണം വേണം

അത്തത്തിനുണ്ടാലും ഓണത്തിനുണ്ടാലും
പൂക്കളമില്ലെങ്കിൽ എന്തുരസം
വിഷുവിനൈശ്വര്യം കൊന്നപ്പൂവില്ലെങ്കിൽ
വിഷുപിന്നെയെന്തിനാണീ പാരിൽ
പൂക്കളില്ലെങ്കിൽ വസന്തമില്ല
വസന്തമില്ലെങ്കിൽ ജീവിതമില്ല
ഇരുൾ തൊപ്പിപൊക്കി പ്രകാശം
ചിരിക്കാതെ മാറി നിൽക്കുന്നതെന്തിന്
പൂക്കളില്ലാത്ത ഭൂമിയിൽ
സ്വർണത്തേരിൽ വരാൻ സൂര്യനിഷ്ടമില്ല
നിലാവിന്റെ പാത്രിയിൽ ഗന്ധം വമിക്കുന്ന
മുല്ലപ്പൂവേ നീയെങ്ങുപോയി
പാരിലെ താഴ്വാര തിങ്ങിനിറഞ്ഞൊരാ
ചെമ്പകപ്പൂവും മറഞ്ഞുപോയി
പുഷ്പസമൃദ്ധിയിൽ വിങ്ങിനിൽക്കുന്ന
കേരള തനിമയിതെങ്ങു പോയി
തുളസിത്തടത്തിൻ സ്ഥലത്തിൽ
ഇന്നു നാം കാറും ബൈക്കും ചേർത്തു വച്ചു
നഷ്ടപ്പെടുത്തിയ പൂപ്പാലിക ഇനി
എന്നു തിരിച്ചു വരും

കാട്ടപോലെ അലിഞ്ഞിടും
ആ മായാജാലമെങ്ങനെ മാഞ്ഞുപോയി
ലോകാസമസ്ത സുഗിനോ ഭവന്തു
ഈ പാരിൽ പൂമഴ എങ്ങനെ പൊഴിയും
രാജ്ഞിയെപോലെ ശോഭിക്കുന്ന പുഷ്പങ്ങൾ
ഭൂമിയിൽ വന്നിട്ടിതെത്രനാളായ്
മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോ
ടൊപ്പമെന്നമ്മയും തുമ്പപോലെ
അമ്മയെപ്പോലെ സ്നേഹിക്കണം

പുഷ്പ നിപ്വൃതി തന്നെ
ഈ പാരിൽ തിങ്ങും
മാനവ ദുഷ്കർമ്മം
ആഗമിച്ചു അതോടെ
പുഷ്പസമൃദ്ധിയും നാശത്തിലായി
എന്നു മനുഷ്യൻ ഭൂമിയിൽ വന്നു
അന്നു നശിച്ചീ ഭൂവർഗം
ആസ്വദിക്കാം അനുഭവിക്കാം
ഈ പുഷ്പ വിഹായസിൻ ലോകധാര





# മൗനനിലാവ്

നിലാവും
നിശബ്ദതയും
മാത്രമുള്ള ദേശത്തേക്ക്
ഒരു യാത്ര പോകണം.


ഒന്നുമില്ലാത്തവന്റെയല്ല ;
ആരുമില്ലാത്തവന്റെ
ആനന്ദവും
ശാന്തതയുംഅനുഭവിക്കണം.


നിലാവിന്റെ സ്വച്ഛതയിൽ
നിശബ്ദതയുടെ മാന്ത്രികതയിൽ
ലയിക്കണം.

അവിടെ ഞാനും
എന്നിലെ ഞാനും മാത്രം.

– ഷാജു കെ എഫ്
അധ്യാപകൻ

# Geometrical Figures





# കാടിറങ്ങുന്ന ജീവിതം

മതിര എന്നു പറയുന്ന ഒരു ഗ്രാമത്തിന്റെ വടക്കുഭാഗത്തായുള്ള വലിയ കാടിനുൾ വശത്തായി കുറച്ച് ആദിവാസികൾ താമസിക്കുന്നുണ്ടായിരുന്നു. അവിടെ ലീന എന്നു പേരുള്ള ഒരു ആദിവാസിയുടെ മകളുണ്ടായിരുന്നു. അവളും അവളുടെ അച്ഛനും അമ്മയും ഒരു ചേറ്റക്കുടിലിൽ ആയിരുന്നു താമസം. ഷീറ്റു കൊണ്ട് പൊതിഞ്ഞ മേൽക്കൂരകളും അവിടവിടെയായി പിന്നിട്ട സ്ഥലങ്ങളിലൂടെ
മഴവെള്ളം തുള്ളിത്തു ള്ളികളായി ചോരുന്നു. അവർ ഷീറ്റുകളിലൂടെ ഒഴുകി വരുന്ന മഴവെള്ളം പാത്രത്തിൽ സംഭരിച്ചു വയ്ക്കും. അവരുടെ ആ കുടിലിനടുത്തു അതുപോലെയുള്ള ഒരുപാടു കുടിലുകൾ ഉണ്ടായിരുന്നു. അവിടെയുള്ളവരും ലീനയുടെ കുടുംബം പോലെ ദാരിദ്ര്യരാണ്. ഒരുപാട് കഷ്ടപ്പാടിലൂടെ ജീവിതം മുന്നോട്ടു കൊണ്ടുപോന്നവരാണ്. ലീനയുടെ വസ്ത്രം അൽപ്പം മുഷിഞ്ഞതും പഴകിയതും അവിടിവിടെ പിന്നിട്ടതുമൊക്കെയാണ് മുടികളാണെങ്കിൽ പാറിയിരിക്കുന്നു. അവളുടെ അച്ഛന് ഗ്രാമത്തിലെ ഒരു തീപ്പെട്ടി കമ്പിനിയിലാണ് ജോലി ചെയ്യുന്നത്. അവളുടെ അമ്മ വീട്ടിലെ അഴുക്കിൽ അഴുകി ചേരുന്നതുപോലെയുള്ള വേഷമാണ്. എന്നുപറഞ്ഞാൽ വളരെയധികം ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. ലീനയുടെ അച്ഛൻ ജോലി കഴിഞ്ഞ് വീട്ടിൽ എത്തിയാൽ അച്ഛന്റെ കയ്യിൽ എന്തെങ്കിലും പൊതി ഉണ്ടോ എന്ന് നോക്കും ഇല്ല എന്ന് അറിഞ്ഞാലും അവൾ സങ്കടപ്പെടില്ല കാരണം അവൾക്ക് അവളുടെ വീട്ടിലെ കഷ്ടപ്പാടുകൾ അറിയാം അതുകൊണ്ട് ഒന്നിനും വേണ്ടി അവൾ വാശിപിടിക്കുകയില്ല. ലീനയുടെ അച്ഛൻ അമ്മയോട് പറഞ്ഞു " പണിസ്ഥലത്തുള്ള എന്റെ കൂടെ ജോലി ചെയ്യുന്ന രാഘവന്റെ മകൾക്കു പഠിച്ചൊരു ഡോക്ടർ ഉദ്യോഗസ്ഥം കിട്ടി എന്ന് മാസം നല്ല ശമ്പളവും കിട്ടുമത്രേ " ലീന ഇതു കേട്ടപ്പോൾ അവളുടെ ആഗ്രഹങ്ങളിൽ നിന്നു ഒരു ആഗ്രഹം മനസ്സിൽ നിന്നു തപ്പി എടുത്തു. അവളുടെയും ഒരാഗ്രഹമാണ് അവൾക്കൊരു ഡോക്ടർആവണമെന്ന് പക്ഷെ അവൾ അവളുടെ ആഗ്രഹം അവൾ ഉള്ളിലൊതുക്കിക്കൊണ്ട് നടന്നു. അതുകേട്ടപ്പോൾ ലീനയുടെ അമ്മ പറഞ്ഞു നമ്മടെ മോളെയും പഠിപ്പിച്ച് ഒരു നല്ല നിലയിലെത്തിക്കണമെന്ന് ഈ അഴുക്കിൽ നിന്നു അവളെങ്കിലും

രക്ഷപെടട്ടെ  അതുകൊണ്ട് അവളെ സ്കൂളിൽ ചേർക്കാൻ വല്ല വഴിയും ഉണ്ടോ. അപ്പൊ അച്ഛൻ പറഞ്ഞു നോക്കട്ടെ ഈ മാസം കാശ് കിട്ടിയില്ല കിട്ടിയാൽ ഉടനെ ഇവിടെ ഗ്രാമത്തിലുള്ള ഒരു ചെറിയ സ്കൂളിൽ ചേർക്കാം. അതുകേട്ട ലീന വല്ലാത്ത സന്തോഷത്തിലാണ്. ചില നേരങ്ങളിൽ ലീനയുടെ കുടുംബം പട്ടിണിയിൽ കഴിഞ്ഞിരുന്നു. അച്ഛന് ജോലി ഇല്ലാത്ത സമയം കയ്യിൽ കാശും ഇല്ലായിരുന്നു താൻ പട്ടിണികിടക്കേണ്ടി വന്നാലും തന്റെ ഭാര്യയും മകളും പട്ടിണിയാവരുത് എന്ന് കരുതി അവർക്കുള്ള ഭക്ഷണം മാത്രം വാങ്ങിക്കൊടുക്കും. എന്നാൽ അച്ഛൻ കഴിച്ചോ എന്ന ലീനയുടെ മുൻപിൽ അച്ഛൻ കള്ളം പറയുന്നു. ഞാൻ പുറത്തുനിന്നു കഴിച്ചു മോളെ നിങ്ങൾ കഴിക്ക് എന്ന് അച്ഛൻ പറയുകയുമ്പോഴും അച്ഛന്റെ ഉള്ളിലെ വിശപ്പും സങ്കടവും ലീനയ്ക്ക് മനസിലായി. അവൾ തന്റെ ഭക്ഷണത്തിൽ നിന്ന് അച്ഛന് വാരി കൊടുക്കുന്നു. അച്ഛന്റെ കണ്ണിൽനിന്നു കണ്ണിര്തുള്ളികൾ തറയിൽ വീഴുന്നു. പിറ്റേദിവസം ലീനയെ ഗ്രാമത്തിനടുത്തുള്ള ഒരു സ്കൂളിൽ ചേർത്തു. അവിടെനിന്നും അവൾ അവളുടെ കുടുംബത്തിലെ കഷ്ടപ്പാടും ദാരിദ്യവുമൊക്കെ അറിഞ്ഞു പഠിച്ചു തുടങ്ങി. അവളുടെ അച്ഛൻ അവളെ പലരുടെയും കൈയിൽ നിന്ന് കടം വാങ്ങിയുമാണ് പഠിപ്പിച്ചത്. പത്താംക്ലാസ്സ് ആയപ്പോൾ എല്ലാ വിഷയങ്ങളിലും എപ്ലസ്സോടെ വിജയിച്ചു. ആദ്യമൊക്കെ പഠിച്ചുതുടങ്ങുമ്പോൾ അവളുടെ സ്കൂളിലെ കുട്ടികൾ അവളെ പാലകാരണങ്ങളാൽ പരിഹാസവുമൊക്കെ ഉണ്ടായെങ്കിലും അതെല്ലാം അവൾ സഹിച്ചു പഠിച്ച് ഇപ്പോൾ അവൾ അവളുടെ സ്കൂളിന്റെ അഭിമാനം ആയിരിക്കുകയാണ്. പിന്നീട്  പ്ലസ്ടുവും, കോളേജും, പല കോഴ്‌സും, പിന്നീട് പി.എസ്.സി പരീക്ഷയിൽ വിജയിച്ചു പിന്നീട് അവളുടെ ആഗ്രഹം പോലെ അവൾക്കും ഡോക്ടർ ഉദ്യോഗം കിട്ടി.  പിന്നീട് അവളുടെ കുടുംബം തലയുയർത്തി അഭിമാനത്തോടെ നടക്കാൻ തുടങ്ങി. ജോലിക്ക് ചേർന്ന് ഒരു മാസം കഴിഞ്ഞ് ശമ്പളം കിട്ടി ആ ശമ്പളത്തിൽ നിന്നു അവൾ അവളുടെ അച്ഛനു നല്ല മുണ്ടും ഷർട്ടും അമ്മയ്ക്ക് നല്ല സാരിയും വാങ്ങി കൊടുത്തു. പിന്നീട് അവളുടെ ജീവിതമാക്കെ മാറിമറിഞ്ഞു. ഒരു വർഷമൊക്കെ കഴിഞ്ഞ് അവർ പട്ടണത്തിൽ ഒരു വീടു വച്ചു. അങ്ങനെ അവർ ആ കാട്ടിനുള്ളിലെ ജീവിതത്തിൽ നിന്ന് പടിയിറങ്ങി. പിന്നീട് ആ കാട്ടിനുള്ളിലെ ജീവിതത്തിൽ നിന്ന് ഒരുപാട് വ്യത്യസ്തമായിട്ടാണ് ലീനയും കുടുംബവും ജീവിക്കുന്നത്.

ഇന്ന് ലീനയുടെ അച്ഛനും അമ്മയും അവളെക്കുറിച്ചോർത്ത് അഭിമാനിക്കാത്ത ദിവസമില്ല. തന്റെ കഷ്ടപ്പാടുകളിൽ നിന്ന് ഉയർന്നെഴുന്നേറ്റ് ഇപ്പോൾ തന്റെ അച്ഛനും അമ്മയും അനുഭവിച്ചറിയുന്ന സന്തോഷം അവൾക്ക് പറഞ്ഞറിയിക്കാനാവില്ല. പിന്നീട് രണ്ടു വർഷം കഴിഞ്ഞു അവളുടെ കല്യാണം കഴിഞ്ഞ് അവളും അവളുടെ കുടുംബവും സന്തോഷമായി ജീവിക്കുന്നു. ഇപ്പോഴും അവൾക്ക് കാടിനുള്ളിലെ ജീവിതവും പുറമെയുള്ള ജീവിതവും അവളുടെ മനസ്സിൽ മായാതെ കിടക്കുന്നു.



ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ
ഇളം നാമ്പുകളുടെ അക്ഷരങ്ങൾ
ഡിജിറ്റൽ വിഹായസ്സിലേക്ക്
പറത്താൻ സഹായിച്ച
എല്ലാവർക്കും നന്ദി